**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5340 — 31.10.2016 ൽ മറുപടിക്ക്

## വസ്ത്രഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.വി.ആർ.സുനിൽകുമാർ<br>ശ്രീമതി.സി.കെ.ആശ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വനിതകളെ സംരംഭക രംഗത്തേക്ക് ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കുമോ; | (എ) വനിതകളെ സംരംഭക രംഗത്തേക്ക് ആകർഷിക്കുന്നതിനായി സംരംഭക സഹായ പദ്ധതിയിൽ 15% അടിസ്ഥാന സബ്സിഡിയെക്കാൾ 5% അധിക സബ്സിഡി നൽകിവരുന്നു. പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള വനിതകൾക്ക് തൊഴിൽ ലഭ്യമാക്കി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വസ്ത്രഗ്രാമം എന്ന പദ്ധതിയും താരതമ്യേന താഴ്ന്ന ജീവിത നിലവാരത്തിൽ ജീവിക്കുന്ന ആർട്ടിസാൻസ് കുടുംബങ്ങളെ സ്ത്രീ ശാക്തീകരണത്തിലൂടെ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ ഗൃഹസ്ഥ എന്ന പദ്ധതിയും സർക്കാർ ധനസഹായത്തോടെ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ മുഖാന്തിരം നടപ്പാക്കി വരുന്നു. |
| (ബി) 'വസ്ത്രഗ്രാമം' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (ബി) വ്യവസായ വാണിജ്യ ഡയറക്ടറുടെ മേൽനോട്ടത്തിൽ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ മുഖാന്തിരം വസ്ത്രഗ്രാമം പദ്ധതി നടപ്പാക്കിവരുന്നു. പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള വനിതകൾക്ക് തൊഴിൽ ലഭ്യമാക്കി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഓരോ ജില്ലകളിൽ നിന്നും 60 വനിതകളെ തെരഞ്ഞെടുത്ത് വിവിധതരം വസ്ത്രങ്ങൾ തയ്ക്കുന്നതിനും വസ്ത്രങ്ങളിൽ ഓർണമെന്റേഷൻ നടത്തി മൂല്യവർദ്ധനവ് വരുത്തുന്നതിനും മൂന്നുമാസത്തെ പരിശീലനം നൽകുക, പരിശീലനം പൂർത്തീകരിക്കുന്നവർ രൂപീകരിക്കുന്ന വനിത വ്യവസായ സഹകരണ സംഘങ്ങൾക്ക് പൊതു സേവനകേന്ദ്രം സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. |

| | |
|---|---|
| (സി) വസ്ത്രഗ്രാമം പദ്ധതി വഴി എത്ര വനിതകൾക്ക് തൊഴിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തൊട്ടാകെ വസ്ത്രഗ്രാമം പദ്ധതി നടപ്പാക്കുന്നതിലൂടെ ഏകദേശം ആയിരത്തോളം വനിതകൾക്ക് നേരിട്ട് തൊഴിൽ ലഭ്യമാക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ